(എഫ്) ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ആസ്തി ബാധ്യതകളെക്കുറിച്ചും ഒരു അന്വേഷണം നടത്തേണ്ടതായ സാഹചര്യം ഇപ്പോൾ ഇല്ല.

കേരള കലാമണ്ഡലത്തിലെ ഡിഗ്രികോഴ്സിന് അംഗീകാരം ലഭിക്കാൻ നടപടി

49 (4088) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാകണ്ഡലത്തിൽ ഡിഗ്രി കോഴ്സ് ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന് ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) യൂണിവേഴ്സിറ്റിയുടെ അംഗീകാരമില്ലാത്തതിനാൽ വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠിത്തം നിർത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അംഗീകാരം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2000 ആഗസ്റ്റിൽ

(ബി) ഡിഗ്രികോഴ്സുകൾക്ക് അംഗീകാരം നൽകുന്നതിനായി സംസ്കൃത യൂണിവേഴ്സിറ്റിയുടെ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ടുള്ള ബിൽ പാസ്സാക്കിയിട്ടുണ്ട്. മറ്റു നടപടികൾ അവസാനഘട്ടത്തിലാണ്.

(സി) വിദ്യാർത്ഥികളിൽ ചിലർ ഇടയ്ക്ക് വച്ച് പഠനം നിർത്തിപ്പോയിട്ടുണ്ട് എന്നാൽ അതിനുള്ള കാരണം അറിയിച്ചിട്ടില്ല.

(ഡി) ഉണ്ട്.

സാംസ്ക്കാരികവകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

50 (4089) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏതൊക്കെയായിരുന്നുവെന്നും ഏതെല്ലാം സാംസ്ക്കാരിക മേഖലകളെ സംബന്ധിച്ചുള്ളവയായിരുന്നു അവയെന്നും വ്യക്തമാക്കാമോ ;

(ബി) കേരളത്തിൽ അതിവേഗം അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ, നാട്ടറിവുകൾ എന്നിവയുടെ ഡോക്യുമെന്റേഷൻ ഉദ്ദേശിച്ചുള്ള ഏതെങ്കിലും കൃതികൾ സാംസ്ക്കാരികവകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly